**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല — കുറോപ്പട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.252/2019/തസ്വഭവ                    തീയതി, തിരുവനന്തപുരം, 04.02.2019

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.09.2014-ലെ ഇ 5(എസ് സി 52/14/കെടിഎം)17335/2014 നമ്പർ കത്ത്

2. സർക്കാരിന്റെ 22.12.2016-ലെ 79096/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. ജോൺ കെ. തോമസ് സമർപ്പിച്ച 16.01.2017-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 16.02.2018-ലെ ഡി5-36554/2014 നമ്പർ കത്ത്
5. സർക്കാരിന്റെ 23.05.2018-ലെ 79096/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. ശ്രീ. ജോൺ കെ. തോമസ് സമർപ്പിച്ച 17.07.2018-ലെ എതിർവാദ പത്രിക
7. പഞ്ചായത്ത് ഡയറക്ടറുടെ 12.09.2018-ലെ ഡി5-36554/2014 നമ്പർ കത്ത്

**ഉത്തരവ്**

കുറോപ്പട ഗ്രാമപഞ്ചായത്തിൽ 04.07.2014-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ ന്യൂ മേരിമാതാ ക്രഷർ യൂണിറ്റിന് പാറമട പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെ 02.12.2013-ൽ ശ്രീ. കെ.ജെ. തോമസ് എന്നയാളിൽ നിന്നും 400/- രൂപ കൈപ്പറ്റി ഡി&ഒ ലൈസൻസ് ചട്ടങ്ങൾ ലംഘിച്ച് രസീത് നൽകി പ്രവർത്തനാനുമതി നൽകിയെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് ഇതു സംബന്ധിച്ച് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം) നടത്തിയ അന്വേഷണത്തിൽ 03.06.2014-ലെ ഒന്നാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 04.06.2014-ൽ പാറമടയ്ക്ക് ലൈസൻസ് നൽകിയത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഭരണസമിതിയിൽ നിയമപരമായ അഭിപ്രായം രേഖപ്പെടുത്താതിരുന്നത് സെക്രട്ടറിയായ ശ്രീ. ജോൺ കെ. തോമസിന്റെ ഭാഗത്തുനിന്നുണ്ടായ നിയമപരമായ വീഴ്ചയാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ കുറോപ്പട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിന് പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ജോൺ കെ. തോമസ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. ജോൺ കെ. തോമസ്

31.12.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോൺ കെ. തോമസിനെതിരെ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ജോൺ കെ. തോമസ് പരാമർശം (6) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ. ജോൺ കെ. തോമസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ജോൺ കെ. തോമസിനെതിരായ ആരോപണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുരോപ്പട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആരോപണ വിധേയനായ ഉദ്യോഗസ്ഥന് ലഭ്യമാക്കി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം
   (അന്വേഷണ റിപ്പോർട്ട്, കുറ്റപത്രം, കാരണം കാരണം കാണിക്കൽ നോട്ടീസ്, എതിർവാദ പത്രിക, എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീ. ജോൺ കെ. തോമസ്, മുൻ സെക്രട്ടറി, കുരോപ്പട ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കുരോപ്പട ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/114/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ